7245
25/7/14

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം—പ്രവാസി കേരളീയരുടെ ആശ്രിതർക്ക് സ്ഥലംമാറ്റ വിഷയത്തിൽ പ്രത്യേക പരിഗണന അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ. 13) വകുപ്പ്

ജി. ഒ. (എം എസ്.) നമ്പർ 8/2014/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2014 മാർച്ച് 3.*

---

പരാമർശം:—1. സ. ഉ. നമ്പർ 12/2004/ഉഭപവ. തീയതി 10-9-2004.

2. സ. ഉ. (പി) നമ്പർ 11/90/ഉഭപവ. തീയതി 5-5-1990.

## ഉത്തരവ്

നിലവിൽ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രവാസി കേരളീയരുടെ ആശിതർക്ക് സ്ഥലംമാറ്റത്തിൽ പരിഗണന ആവശ്യപ്പെട്ടുകൊണ്ട് പ്രവാസി ഭാരതീയർ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

പ്രവാസ നാളിൽ കുറഞ്ഞ സമയം മാത്രം നാട്ടിൽ ചിലവഴിക്കുവാൻ അവസരം ലഭിക്കുന്ന പ്രവാസികൾക്ക് തങ്ങളുടെ കുടുംബകാര്യങ്ങളിൽ ശരിയായി ശ്രദ്ധിക്കുന്നതിനും, കുട്ടികളുടെ വിദ്യാഭ്യാസം, മാതാപിതാക്കളുടെ സംരക്ഷണം എന്നിവ ശരിയായി നിർവഹിക്കാൻ സാധിക്കാത്തതിനാലും അവരുടെ ആശ്രിതർക്ക് സ്ഥലംമാറ്റ വിഷയത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

പ്രവാസി മലയാളികളുടെ ഭാര്യ/ഭർത്താവ് ആയ സർക്കാർ ജീവനക്കാർക്ക് സ്ഥലംമാറ്റ വിഷയത്തിൽ പ്രത്യേക പരിഗണനയ്ക്ക് അർഹമായവരുടെ വിഭാഗത്തിൽപ്പെടുത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നു.

ആശ്രിതർ എന്ന പരിധിയിൽ ഭാര്യ/ഭർത്താവ് എന്നിവരെ മാത്രം പരിഗണിക്കേണ്ടതാണ്.

GCPT. 3/2555/2014/S-21.

നോർക്ക റൂട്ട്സ് നൽകുന്ന തിരിച്ചറിയിൽ കാർഡ്, ബന്ധപ്പെട്ട എംബസിയിൽ നിന്നുള്ള രേഖകൾ, കാലാവധിയുള്ള വിസ സ്റ്റാമ്പ് ചെയ്ത പാസ്പോർട്ടിന്റെ പകർപ്പ് എന്നിവയിലേതെങ്കിലും ഒന്ന് പ്രവാസിയാണെന്നതിന്റെ രേഖയായി കണക്കാക്കാവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ആർ. ശ്രീകലാദേവി,
*അഡീഷണൽ സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ വകുപ്പുമേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന്).

രജിസ്ട്രാർ, കേരള/കുസാറ്റ്/എം.ജി./കണ്ണൂർ/ശ്രീശങ്കരാചാര്യ/കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.